പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2853

10.12.2014 -ലെ
മറുപടിയ്ക്ക്

**പട്ടികജാതി യുവാക്കൾക്കുള്ള വിദേശ തൊഴിൽ പദ്ധതി**

ചോദ്യം

**ശ്രീ. സി.ദിവാകരൻ**

(എ) പട്ടികജാതി യുവാക്കൾക്ക് അംഗീകൃത ഏജൻസികൾ വഴി വിദേശത്ത് തൊഴിൽ നേടുന്ന പദ്ധതി പ്രകാരം 2014-2015 ൽ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കി ; ഈയിനത്തിൽ എത്ര തുക ചിലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; 2014-2015 ൽ എത്ര തുകയാണ് ഈ പദ്ധതിയ്ക്കായി നീക്കി വച്ചിട്ടുള്ളത് ?

ഉത്തരം

**ശ്രീ.എ.പി അനിൽകുമാർ**

പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി

(എ) പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രാചെലവിനും, വിസാ സംബന്ധമായ ചെലവിനും 50,000/- രൂപ ധനസഹായമായി അനുവദിക്കുന്ന ഒരു പദ്ധതി 2013-2014 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 2013-2014 ൽ 68 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2014-2015 സാമ്പത്തിക വർഷം 180 പട്ടികജാതി യുവാക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള 90 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

Sali K J

സെക്ഷൻ ഓഫീസർ